LIBRARY ARCHIVES Kerala Legislative Assembly

ആലപ്പുഴ സ്ത്രീകളുടേയും കുട്ടികളുടേയും ആശുപത്രി

46 (3477) ശ്രീ. ജി. സുധാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആലപ്പുഴ ജില്ലാ മെഡിക്കൽ ഓഫീസ് പ്രവർത്തിച്ചിരുന്നതും സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രിയോട് ചേർന്നുനിൽക്കുന്നതുമായ കെട്ടിടം കേടുപാടുതീർത്ത് നവീകരിച്ച് പ്രസ്തുത ആശുപത്രിയുടെ പ്രവർത്തനം സുഗമമാക്കുന്നതിന് നടപടി സ്വീകരിക്കുമോ ;

(ബി) ഇതിന്റെ ഭരണാനുമതിക്കായുള്ള എസ്റ്റിമേറ്റ് ലഭിച്ചിട്ടുണ്ടോ ; എങ്കിൽ അടിയന്തരമായി നടപടി സ്വീകരിക്കുമോ ; വിശദാംശം നൽകുമോ ?

ഉത്തരം

(എ&ബി) പ്രസ്തുത കെട്ടിടം നവീകരണത്തിനായി 2,41,00,000 (രണ്ടു കോടി നാൽപ്പത്തിയൊന്ന് ലക്ഷം) രൂപയുടെ എസ്റ്റിമേറ്റ് ലഭിച്ചിട്ടുണ്ട്. ആയത് പരിശോധിച്ചു വരുന്നു.

ചടയമംഗലം പി. എച്ച്. സെന്റർ

47 (3478) ശ്രീ. മുല്ലക്കര രത്നാകരൻ : താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

ചടയമംഗലം പി.എച്ച്. സെന്ററിന് പുതിയ കെട്ടിടം നിർമ്മിക്കുന്നതിന് ആസ്തി വികസന ഫണ്ടിൽ ഉൾപ്പെടുത്തി എസ്റ്റിമേറ്റ് തയ്യാറാക്കി സമർപ്പിച്ചിട്ടുള്ളതിനാൽ ഭരണാനുമതി ലഭ്യമാക്കുന്നതിന് സത്വര നടപടി സ്വീകരിക്കുമോ ?

ഉത്തരം

ചടയമംഗലം പി.എച്ച്. സെന്ററിന് പുതിയ കെട്ടിടം നിർമ്മിക്കുന്നതിന് ഭരണാനുമതി നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

കേശവപുരം സി.എച്ച്.സി.

48 (3479) ശ്രീ. ബി. സത്യൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേശവപുരം സി.എച്ച്.സി.-യിൽ ഏതെല്ലാം വിഭാഗങ്ങൾക്കാണ് സ്പെഷ്യലിസ്റ്റ് ഡോക്ടർമാരെ അനുവദിച്ചിട്ടുള്ളതെന്നും ഏതെല്ലാം വിഭാഗം ഇവിടെ പ്രവർത്തിക്കുന്നുണ്ടെന്നും വ്യക്തമാക്കാമോ ;

(ബി) പ്രസ്തുത സി.എച്ച്.സി.-യിൽ ഒഴിവുള്ള സ്പെഷ്യലിസ്റ്റ് ഡോക്ടർമാരെ നിയമിക്കുന്നതിന് നടപടി സ്വീകരിക്കുമോ ;

(സി) കേശവപുരം സി.എച്ച്.സി.-യിൽ ഗൈനക്കോളജി വിഭാഗം അനുവദിക്കുന്നതുമായി ബന്ധപ്പെട്ട നടപടിക്രമങ്ങൾ ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കാമോ ?

ഉത്തരം

(എ-സി) കേശവപുരം സാമൂഹികാരോഗ്യ കേന്ദ്രത്തിൽ ഗൈനക്കോളജി, പീഡിയാട്രിക്സ് എന്നീ സ്പെഷ്യാലിറ്റി യൂണിറ്റുകൾ അനുവദിച്ച് ഉത്തരവായിട്ടുണ്ട്. എന്നാൽ ഇവ പ്രവർത്തനസജ്ജമായിട്ടില്ല. യൂണിറ്റ് പ്രവർത്തന സജ്ജമാക്കുന്നതിന് ആവശ്യമായ തസ്തികകൾ സൃഷ്ടിക്കുന്നതിനുള്ള ശിപാർശ ലഭിക്കുന്ന മുറയ്ക്ക് നടപടി സ്വീകരിക്കുന്നതാണ്.

ചികിത്സാ ചെലവ്

49 (3480) ശ്രീ. കെ. എൻ. എ. ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മറ്റ് സംസ്ഥാനങ്ങളെ അപേക്ഷിച്ച് സംസ്ഥാനത്ത് പ്രതിശീർഷ ചികിത്സാ ചെലവ് കൂടുതലാണെന്നകാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഇത് സാധാരണക്കാരുടെ ജീവിതത്തെ ദുരിതത്തിലാക്കുന്നുണ്ടെന്നകാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഈ ദുഃസ്ഥിതി ഒഴിവാക്കുന്നതിന് ഏതെല്ലാം തരത്തിലുള്ള സഹായങ്ങൾ ചെയ്യുന്നുണ്ട് ;

(സി) രോഗനിർണ്ണയ പരിശോധനകൾ, സ്കാനിംഗ് എന്നിവയ്ക്ക് അമിതമായ ചെലവ് വരുന്നത് രോഗികളെ പ്രതിസന്ധിയിലാക്കുന്നുണ്ടെന്ന കാര്യം വിലയിരുത്തിയിട്ടുണ്ടോ ;

(ഡി) സാധാരണക്കാരെ സഹായിക്കുന്നതിന് കൂടുതൽ കാരുണ്യ സെന്ററുകൾ ആരംഭിക്കുന്നതിനും സ്കാനിങ്ങും ലാബ് പരിശോധനകളും മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ മുഖേനയാക്കുന്നതിനും പദ്ധതികൾ ആവിഷ്കരിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly